കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്ങളായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/265/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി : 11.04.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

ചെങ്ങളായി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെങ്ങളായി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ)
3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/265/2019 തീയ്യതി : 11.04.2019

# കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

## വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

ചെങ്ങളായി ഗ്രാമപഞ്ചായത്തിൻെറ 2017-18സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.08-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ.എം.പി ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 19-02-19മുതൽ 02-03-2019 വരെ | ശ്രീമതി.രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ഗണേശൻ കേളോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | | (25-02-19 മുതൽ) |
| | ശ്രീ. ലതീഷ് കമാർ.കെ.കെ | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.കെ.കെ.രത്നകുമാരി. | 1-04-17 മുതൽ 31-03-18 വരെ |
| സെക്രട്ടറി | ശ്രീ.അനിൽകുമാർ.എൻ | 1-04-17 മുതൽ 14-06-17വരെ |
| | ശ്രീ.വി.അശോകൻ | 15-06-17മുതൽ 31-03-18വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സജീവൻ.കെ | 1-04-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.ഷക്കീർ മുഹമ്മദ് കുഞ്ഞി | 1-04-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ.അനുപമ | 1-04-17 മുതൽ 31-03-18 വരെ |
| വെറ്റിനറി സർജൻ | ഡോ.അനു ഗോപാൽ | 1-0417 മുതൽ 31-03-18 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബിജു ജോസഫ് | 1-04-17മുതൽ 18-07-17 |
| | ശ്രീമതി.നിഷ ജോസ് | 19-07-17 മുതൽ 31-10-17 |
| | ശ്രീമതി.മായാദേവി.എം.ആർ | 1-11-17 മുതൽ 31-03-18 |

| | | |
|---|---|---|
| | | വരെ |
| വി.ഇ.ഒ. 1 | ശ്രീമതി.ബിന്ദു.കെ.കെ | 1-0417 മുതൽ 31-03-18 വരെ |
| വി.ഇ.ഒ 2 | ശ്രീ.അജീഷ്.എം.പി | 1-0417 മുതൽ 31-03-18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശശീന്ദ്രൻ.പി.കെ | 1-0417 മുതൽ 31-03-18 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ജയമിനി.കെ | 1-0417 മുതൽ 31-03-18 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ശശികുമാർ.പി | 1-0417 മുതൽ 31-03-18 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം1<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | വസ്തു നികുതി കുറവായി ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 2-1 |
| 14 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2-2 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-3 |
| 16 | ഡി ആന്റ് ഒ ലൈസൻസ് നിയമപ്രകാരം ലൈസൻസ് അനുവദിക്കേണ്ടതാണ് | 2-4 |
| ഭാഗം:3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | സമരത്തിൽ പങ്കെടുത്ത ദിവസങ്ങൾ കൂടി പരിഗണിച്ച് ശമ്പളവും കുടിശ്ശികയും നൽകി.അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 3-1 |

| | | |
|---|---|---|
| 18 | രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല ₹100000 ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 |
| 19 | അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 108000രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 20 | യോഗ പരിശീലനം സർക്കാർ നിർദ്ദേശപ്രകാരം നടപ്പിലാക്കേണ്ടതാണ് | 3-4 |
| 21 | ഇഎംഎസ് വായ്പ തിരിച്ചടവ്-ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 3-5 |
| 22 | ആശ്രയപദ്ധതി – അഗതി കേരളം പദ്ധതി നടപ്പിലാക്കൽ ത്വരിതപ്പെടുത്തേണ്ടതും അക്കൗണ്ടിലെ നീക്കിയിരിപ്പിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. | 3-6 |
| 23 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം സാധനങ്ങൾ വാങ്ങുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-7 |
| 24 | വാഹനങ്ങൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വർ ചെയ്യേണ്ടതാണ്. | 3-8 |
| 25 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്ററുകൾ, സ്കാനർ വാങ്ങൽ - ബന്ധപ്പെട്ട അധികാരികളിൽ നിന്നും പ്രവർത്തനക്ഷമത സർട്ടിഫിക്കറ്റ് വാങ്ങിക്കേണ്ടതാണ്. | 3-9 |
| 26 | ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി-ഭക്ഷണ പാത്രങ്ങൾ വാങ്ങൽ-വിതരണരജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 3-10 |

| | | |
|---|---|---|
| 27 | വികസന ഫണ്ട് ചെലവഴിച്ച രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല | 3-11 |
| 28 | പട്ടികജാതി കോളനികളിലെ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കലും ലൈനിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രത്യേകം ലൈൻ വലിക്കലും പ്രവൃത്തി-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-12 |
| 29 | മരാമത്ത് പ്രവൃത്തി പൂർത്തീകരണം -ദീർഘമായ കാലതാമസം പിഴ ഈടാക്കിയതിൽ കുറവ്. | 3-13 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധങ്ങൾ | | |
|---|---|---|
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | റസീറ്റ് & പെയ്മെമെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 42 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിൻെറ 2017-18സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 28-03-17 തീയതിയിലെ 80/17തീരുമാനപ്രകാരം അംഗീകരിച്ചു.വിശദവിവരം ചുവടെ ചേർക്കുന്നു.

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 23069779 |
| വരവ് | 162347000 |
| ആകെ | 185416779 |
| ചെലവ് | 179335100 |
| നീക്കിയിരിപ്പ് | 6081679 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/07/18 | 14/05/18 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2017-18 | 20-06-18&21-06-18 | നം, കെ. എസ്‌എ/കെ.എൻ.ആർ /സി.3/1421/2018 തീ.31-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25192495 |
| വരവ് | 66114846 |
| ആകെ | 91307341 |
| ചെലവ് | 82837408 |
| നീക്കിയിരിപ്പ് | 8469933 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി രിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16793000 | 16793000 | 14753517 | 2039483 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5006941 | 5006941 | 3930641 | 1076300 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 17992 | 17992 | 17992 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 6413000 | 6413000 | 3141699 | 3271301 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3714000 | 3714000 | 2658497 | 1055503 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 7886762 | 7886762 | 7531104 | 355658 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2884098 | 2884098 | 2457991 | 426107 |
| സാക്ഷരത | | | 0 | | 0 | 0 |
| ദുരിതാശ്വാസനിധി | | 680069 | 19047 | 699116 | 355952 | 343164 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 16898000 | 16898000 | 16898000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6418 | 942447 | 948865 | 948207 | 658 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അനുപൂരക പോഷകാഹാരം) | | 817016 | 817301 | 1634317 | 994559 | 639758 |
| പശ്ചിമഘട്ട വികസന പദ്ധതി | | 720520 | 5711411 | 6431931 | 5591000 | 840931 |
| സെൻട്രൽ ഗവ. ഗ്രാൻറ് | | 1500000 | 470402 | 1970402 | 470402 | 1500000 |
| ടി.എസ്. സി ഫണ്ട് | | 1338961 | 564784 | 1903745 | 117147 | 1786598 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 323430 | 2360000 | 2683430 | 883430 | 1800000 |
| | ജില്ലാ പഞ്ചായത്ത് | 6745903 | 1025000 | 7770903 | 2337451 | 5433452 |
| ബി ഫണ്ട് | | 0 | 53243160 | 53243160 | 53243160 | |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ്(ട്രഷറി അക്കൗണ്ട്) | | | *10467000 | 10467000 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1054094 | 9686134 | 10740228 | 4950742 | 5789486 |
| ട്രഷറി അക്കൗണ്ട് | ‘ | 20776858 | 36074811 | 56857669 | 56081405 | 770264 |

*ജനറൽ പർപസ് ഗ്രാൻറ് തുക സൂക്ഷിച്ചിരിക്കുന്ന ട്രഷറി അക്കൗണ്ടിൽ മറ്റു വരവുകളും ഉൾപ്പെടുന്നതിനാൽ വരവ് തുക മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 96545958 | 124 | 41098675 | 77 | 3 | 60.78 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 10 | 5785313 | 2499816 | 43.2 |
| അസി.സെക്രട്ടറി | 5 | 5 | 2093000 | 1912962 | 91.4 |
| അസി.എഞ്ചിനീയർ | 137 | 64 | 65200038 | 18551334 | 28.2 |
| കൃഷി ഓഫീസർ | 12 | 12 | 5163471 | 2913891 | 56.4 |
| വി.ഇ.ഒ 1 | 2 | 2 | 3360000 | 3160000 | 94-1 |
| വി.ഇ.ഒ-2 | 9 | 8 | 3358700 | 1788548 | 53.3 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 6330726 | 5469312 | 86.4 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 2 | 2 | 1010000 | 799930 | 79.2 |
| വെറ്ററിനറി സർജൻ | 7 | 7 | 2147250 | 1936550 | 90.2 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർആയുർവ്വേദം | 1 | 1 | 400000 | 400000 | 100 |
| ഹെഡ് മാസ്റ്റർ | 9 | 9 | 1697460 | 1666332 | 93.7 |
| ആകെ | 204 | 124 | 96545958 | 41098675 | |

പദ്ധതി ആസൂത്രണം -അവലോകനം

ചെങ്ങളായി ഗ്രാമ പഞ്ചായത്തിൽ 13അംഗ ആസൂത്രണസമിതി യും 12വർക്കിംഗ് ഗ്രൂപ്പുകളും 27-01-17 ന്റെ 16(3)/17തീരുമാനപ്രകാരം രൂപീകരിച്ചിട്ടുണ്ട്.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി 4തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്.

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ 18വാർഡുകളാണുള്ളത്. എല്ലാ ഗ്രാമ സഭകളും 3പ്രാവശ്യമാണ് യോഗം ചേർന്നിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിന്‍റെ ഭാഗമായി 22-04-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 203പേർ പങ്കെടുത്തിട്ടുണ്ട്.വികസന സെമിനാറിലെ തീരുമാനങ്ങൾ മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ കരട് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ 29-04-2017 ലെ സാധാരണ യോഗത്തിലെ 93/17 നമ്പർ തീരുമാനപ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ അംഗീകരിച്ചു. 31-05-2017 തീയതിയിൽ ചേർന്ന ജില്ല ആസൂത്രസമിതിയോഗത്തിൽ 2017-18 വർഷത്തെ വാർഷിക പദ്ധതികൾ ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

2017-18 വർഷം 204 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 201എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.ആകെ പദ്ധതി ചെലവ് 41098675രൂപയാണ്. പദ്ധതി മോണിറ്ററിംഗ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണ്.മോണിറ്ററിങ്ങ് കമ്മറ്റികൾ യോഗം ചേർന്ന് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടുകൾ സയ്യാറാക്കിയതായി കാണുന്നില്ല

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6418 | 942447 | 948865 | 948207 | 658 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 18267760 | 18267760 | 18267760 | 0 |
| ആകെ | 6418 | 19210207 | 19216625 | 19215967 | 658 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 120690 | 174 |
| കർഷകതൊഴിലാളി പെൻഷൻ | 8415700 | 698 |
| വിധവാപെൻഷൻ | 14842200 | 1136 |
| വാർദ്ധക്യകാലപെൻഷൻ | 24342800 | 1362 |
| വികലാംഗപെൻഷൻ | 4403000 | 341 |
| 50 വയസിന് മുകളിലുള്ളഅവിവാഹിതകൾക്കുള്ള പെൻഷൻ | 591500 | 48 |
| വിവാഹധനസഹായം | 210000 | 7 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-02-2019ന് വൈകിട്ട് 4.00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22287 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

2017-18വർഷം ആകെ 4 തവണ ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്നിട്ടുണ്ട്. നികുതി പിരിവ് തുടങ്ങിയ കാര്യങ്ങൾ മീറ്റിംഗുകളിൽ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്ക് പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്. എല്ലാമാസവും ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-02-19 | 01-12-2018 മുതൽ 31-01-2019 വരെ | 20.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-07-16 10-08-2016 | 1997-98 മുതൽ 2005-2006 വരെ | 30.10.2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തുനികുതി (തൻവർഷം കുടിശ്ശിക)ഡിമാൻറ്,കലക്ഷൻ ബാലൻസ് എന്നിവ പരസ്പരം പൊരുത്തപ്പെടുന്നില്ല.

2.വസ്തു നികുതി അഡ്വാൻസിലെ മുന്നിരിപ്പ്(RP-9/2016-17)തൻവർഷ വരവ്(RP-36) തൻവർഷം ക്രമീകരിച്ചത്,തൻവർഷത്തെ നീക്കിയിരിപ്പ്(B-9/2017-18)എന്നിവ പൊരുത്തപ്പെടുന്നില്ല.

3.B-11ഷെഡ്യൂളിലെ ആസ്തിക്ക് അനുസൃതമായി ആസ്തി റജിസ്റ്റർതയ്യാറാക്കിയിട്ടില്ല.

4.വികസന ഫണ്ട്(ജനറൽ) എ.സി.ആർ പ്രകാരമുള്ള യഥാർത്ഥ ചെലവ് തുകയും വാർഷിക കണക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

5.ജോയിൻറ് വെഞ്ച്വർ പ്രോജക്ട് ഇനത്തിലുള്ള വരവ്/ചെലവ് തുകകൾ അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവായി ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി കുറവായാണ് ഈടാക്കിയത്. വിശദവിവരം ചുവടെ നൽകുന്നു.

ഉടമസ്ഥൻ-സെക്രട്ടറി പ്രസിഡണ്ട് ട്രഷറർ, കൊയ്യം മർകസുദ അവ്തിൽ ഇസ്ലാമിയ കമ്മറ്റി

ഫയൽ നം -എ4.5035/16 തീ.19.11.2016

കെട്ടിടത്തിന്റെ ഉപയോഗക്രമം – ഡോർമെട്രി-(എ2-കാറ്റഗറി) കെട്ടിട നിർമ്മാണ അനുമതി നൽകിയത്/ക്രമവൽക്കരിച്ചത് പ്രകാരം

നികുതി നിർണ്ണയം നടത്തിയത്(പാർപ്പിടാവശ്യം)

| അടിസ്ഥാന വസ്തു നികുതി | നിരക്ക് | ആകെ |
|---|---|---|
| 317 മീ.സ്ക്വയർ | 4 | ₹1268 |
| ഇളവുകൾ | ഇല്ല | |
| വർദ്ധനവ് | 20% | 254 |
| ഗ്രന്ഥശാലവരി | | 77 |
| ആകെ | | 1599 |

നികുതി നിർണ്ണയം നടത്തേണ്ടത്

| അടിസ്ഥാന വസ്തു നികുതി | നിരക്ക്(ക്രമ നം.10) | ആകെ |
|---|---|---|
| 317 മീ.സ്ക്വയർ | 35 | ₹11095 |
| ഇളവുകൾ | ഇല്ല | |
| വർദ്ധനവ് | 20% | 2219 |
| ആകെ | | 13314 |
| ഗ്രന്ഥശാലവരി | | 666 |
| ആകെ | | 13980 |

കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറ്റി വസ്തു നികുതി നിർണ്ണയം നടത്തിയതിനാൽ കുറവുവന്ന ₹12381 ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2.

ഉടമസ്ഥൻ-കഴകപ്പുരയിൽ രാധാകൃഷ്ണൻ,കണ്ണോത്ത് ശ്രീമതി

ഫയൽ നം -എ4.5739/15 തീ.09.11.2015

ആകെ തറവിസ്തീർണ്ണം-898 മീ.സ്ക്വയർ

| വാർഡ് നം/കെട്ടിടനം | തറവിസ്തീർണ്ണം ച.മീ. | ഉപയോഗക്രമം | വസ്തു നികുതി/ലൈ.സെസ് |
|---|---|---|---|
| 17-507 എ | 70 | ക്വാർട്ടേഴ്സ് | ₹353 |
| 17-507 ബി | 70 | ക്വാർട്ടേഴ്സ് | ₹353 |
| 17-507സി | 45 | വർക്ക് ഷെഡ് | ₹851 |
| 17-507 ഡി | 111 | ജനറേറ്റർ റൂം | ₹2098 |
| 17-507 ഇ | 602 | ക്രഷർ യൂനിറ്റ് | ₹34766 |

17-507സി,17-507 ഡി എന്നീ കെട്ടിടങ്ങൾക്ക് ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ള (ക്രമ നം12) വസ്തു നികുതി ഈടാക്കുന്നതിന് പകരം ക്രമ നം 11(നികുതി നിരക്ക് സഞ്ചയയിൽ സെറ്റ് ചെയ്തത്)പ്രകാരമാണ് നികുതി ഈടാക്കിയിട്ടുള്ളത്.നികുതി ഈടാക്കേണ്ട വിവരം താഴെ നൽകുന്നു.

| അടിസ്ഥാന വസ്തു നികുതി<br>കെട്ടിട നം.17-507 സി | നിരക്ക് (ക്രമ നം.10) | ആകെ |
|---|---|---|
| 45 മീ.സ്ക്വയർ | 50 | ₹2250 |
| ഇളവുകൾ | ഇല്ല | |
| വർദ്ധനവ് | 20% | 450 |
| ആകെ | | 2700 |
| ഗ്രന്ഥശാലവരി | | 135 |

| | | |
|---|---|---|
| ആകെ | | 2835 |

| അടിസ്ഥാന വസ്തു നികുതി<br>കെട്ടിട നം.17-507 ഡി | നിരക്ക്(ക്രമ നം.12) | ആകെ |
|---|---|---|
| 111 മീ.സ്ക്വയർ | 50 | ₹5550 |
| ഇളവുകൾ | ഇല്ല | |
| വർദ്ധനവ് | 20% | 1110 |
| ആകെ | | 6660 |
| ഗ്രന്ഥശാലവരി | | 333 |
| ആകെ | | 6993 |

ഉപയോഗക്രമം മാറ്റി വസ്തു നികുതി ഈടാക്കിയതുമൂലം ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ₹6878 രേഖകൾ പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-2** <u>വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശികയായി ₹441730 ഉണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരം ₹400115 ആണ്. വസ്തു നികുതി കുടിശ്ശിക എത്രയാണ് പിരിച്ചെടുക്കുവാൻ ബാക്കിയുള്ളത് എന്ന് കൃത്യമായി കണക്കാക്കി ആയത് പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-3** <u>തൊഴിൽ നികുതി അപാകതകൾ</u>

1.താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ നികുതി കുറവായാണ് ഈടാക്കിയത്

| പേര് /തസ്തിക | അർദ്ധവർഷത്തെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | റസീറ്റ് നം/തീയ്യതി | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഓഫീസ് | | | | | |
| ഓമന.കെ<br>പിടിഎസ്<br>ചെങ്ങളായി<br>വില്ലേജ്<br>ഓഫീസ് | 90321<br>90321 | 750<br>750 | 450<br>450 | 500013/25.9.17<br>117040500033/16.3.18 | 300<br>300 |
| ആകെ | | 1500 | 900 | | 600 |

കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

2.ഡി&ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രന നം.ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം | സ്ഥാപത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 7 | പ്ലൈമൗണ്ട് പ്ലൈവുഡ്സ് | 40 |
| 20 | നിടുവാലൂർ ബ്രിക്സ് | 4 |
| 58 | എ.വൺ സ്റ്റോൺ ക്രഷർ | 4 |
| 74,75 | കെ.പി.എ പ്ലാസ്റ്റിക് | |
| 111 | കെ.പി ആർ സ്റ്റോൺ ക്രഷർ | 16 |
| 114 | സ്റ്റാർ ഹോളോബ്രിക്സ്&ടൈൽസ് | |
| 196 | മലബാർ ഇൻഡസ്ട്റീസ് | 5 |
| 251 | സെന്റ് ജോസഫ് വുഡ് ഇൻഡസ്ഠ്രീസ് | 6 |
| 265 | ഹിൽ ടോപ്പ് ഗാർമെന്റ്സ് | 4 |

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ചട്ടപ്രകാരം നോട്ടീസ് നൽകി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.കേരള പഞ്ചായത്ത് രാജ് ആക്റ്റ്വകുപ്പ്204(11)പ്രകാരം രാജ്ഗ്രാമ പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ കാലം ജോലി ചെയ്ത കരാറുകാർ. അക്ഷയകേന്ദ്രങ്ങൾ, അംഗൻവാടി വർക്കർ, ഹെൽപ്പർ, ആധാരം എഴുത്ത് കേന്ദ്രങ്ങൾ മറ്റ് പ്രൊഫഷണലുകൾ, ദിവസ/താൽക്കാലിക ജീവനക്കാർ, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്ന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 2-4 ഡി&ഒ ലൈസൻസ് നിയമ പ്രകാരം ലൈസൻസ് അനുവദിക്കേണ്ടതാണ്

1. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു. ആയത് പ്രകാരം ഗ്രാമ പഞ്ചായത്ത് ലൈസൻസ് അനുവദിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ ചെങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോ,ആയവയ്ക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നറിയുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയം എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചതിന് മറുപടിയായി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ചെങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് അറിയിച്ചത്. അനധികൃത ചെങ്കൽക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെങ്കൽ ക്വാറികൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ച് ഗ്രാമ പഞ്ചായത്തിൻെറ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3.ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ ക്രമ നം.26 എം.പി.ഹരിദാസൻ അപ്പെക്സ് ഏജൻസി എന്നവരുടെ ഗ്രാമപഞ്ചായത്ത് നിരസിച്ച അപേക്ഷയിൽ ലൈസൻസ് അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷകൾ ശരിയായ രീതിയിൽ പരിശോധന നടത്തി മാത്രം അനുവദിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമരത്തിൽ പങ്കെടുത്ത ദിവസങ്ങൾ കൂടി പരിഗണിച്ച് ശമ്പളവും കുടിശ്ശികയും നൽകി.അധികം നൽകിയ തുക തിരികെ

**ഈടാക്കേണ്ടതാണ്.**

ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ ഓഡിറ്റ് വർഷംനല്കിയിട്ടുണ്ട്. പഞ്ചായത്തിലെ 2015, 2016 വർഷങ്ങളിലെ ജീവനക്കാരുടെ ഹാജർപട്ടിക പ്രകാരം 22.1.15, 12.1.2016 തിയ്യതികളിലെ സമരത്തിൽ പങ്കെടുത്ത ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കിയപ്പോൾ ആ ദിവസങ്ങളിലെ ശമ്പളം കുറവു ചെയ്യാതെ പത്രിക തയ്യാറാക്കിയതിനാൽ അധിക തുക നല്കാനിടയായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതും സ്ഥാപനത്തിലെ ഹാജർപട്ടികയിൽ ഉൾപ്പെടാത്തതും ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാരുടെ കാര്യത്തിൽ ഇത്തരത്തിലുള്ള അപാകം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

| വൗച്ചർ നം/തീയതി | തുക |
|---|---|
| 21700286/13-07-2017 | 187949 |
| 21700528/04-10-2017 | 170437 |

ഹാജർപട്ടിക പ്രകാരം സമരത്തിൽ പങ്കെടുത്തവർ

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| | 22.01.15 ലെ സമരത്തിൽ പങ്കെടുത്തവർ | |
| 1 | ഷാജി കുമാർ പി ആർ | ഹെഡ് ക്ലാർക്ക് |
| 2 | ലെജി എം | സീനിയർ ക്ലാർക്ക് |
| 3 | രമേശൻ കേളോത്ത് | സീനിയർ ക്ലാർക്ക് |
| 4 | സേതു പി | ഓഫീസ് അറ്റന്റന്റ് |
| 5 | നാരായണൻ പി വി | പി ടി എസ് |
| | 12.01.16 ലെ സമരത്തിൽ പങ്കെടുത്തവർ | |
| 1 | ലെജി എം | സീനിയർ ക്ലാർക്ക് |

| | | |
|---|---|---|
| 2 | രമേശൻ കേളോത്ത് | സീനിയർ ക്ലാർക്ക് |
| 3 | സംഗീത ഗോപി | സീനിയർ ക്ലാർക്ക് |
| 4 | ദിലീപ് ദേവ് പി | ഓഫീസ് അറ്റന്റന്റ് |
| 5 | നാരായണൻ പി വി | പിടിഎസ് |

2.പ്രസ്തുത ജീവനക്കാരുടെ അക്വിറ്റൻസ് പരിശോധിച്ചതിൽ മേൽ കൊടുത്ത രണ്ട് ദിവസങ്ങളിലേയും ശമ്പളം കുറവ് ചെയ്യാതെയാണ് ശമ്പളം വിതരണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായി. പണിമുടക്ക് ദിവസങ്ങളിലെ ശമ്പളം നൽകിയത് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല ₹100000 ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നം - 17/18

പ്രോജക്റ്റിന്റെ പേര് - ക്ലബ്ബുകൾക്കും വായനശാലകൾക്കും സ്പോർട്സ് കിറ്റ് വിതരണം
അടങ്കൽ-100000(വികസനഫണ്ട്)
ചെലവ് തുക-100000
ബിൽ നമ്പർ-10/17-18 തീ.27-03-2018 100000/

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും ₹100000 യുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്ത ലിസ്റ്റ്, ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്. മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ.80/2017 തസ്വഭ,തീയ്യതി.3.4.2017 ഖണ്ഡിക 32.10ൽ രജിസ്റ്റേഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ ₹100000 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിൻെറ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക 108000 രൂപ തടസ്സപ്പെടുത്തുന്നു.

2017-18 വർഷം അത്യാവശ്യ ചെലവുകൾ നടത്തുന്നതിന് താഴെപ്പറയും പ്രകാരം മെഡിക്കൽ ഓഫീസർ പി എച്ച് സി ചെങ്ങളായി(60000),മെഡിക്കൽ ഓഫീസർ പി എച്ച് സി ചുഴലി

(48000) എന്നിവർക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അഡ്വാൻസ് നൽകിയിട്ടുണ്ട്.

| ക്രമനം | വൗച്ചർ നം/തീയതി | തുക | ഇനം |
|---|---|---|---|
| 1 | 21700348/04-08-17 | 60000 | ശുചിത്വമിഷൻ തുക അനുവദിച്ചത് |
| 2 | 21700412/24-8-17 | 48000 | ശുചിത്വമിഷൻ തുക അനുവദിച്ചത് |

മെഡിക്കൽ ഓഫീസർ പി എച്ച് സി ചെങ്ങളായിക്ക് ലഭിച്ച 60000 രൂപ ആയതിന്റെ പരിധിയിൽ വരുന്ന 10 വാർഡുകളിലെ ശുചീകരണപ്രവൃത്തികൾക്കായി സാനിറ്റേഷൻ കമ്മിറ്റിക്ക് തുക കൈമാറിയതിൻെറ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വാർഡുതല സാനിറ്റേഷൻ കമ്മിറ്റിയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ പി എച്ച് സി ചുഴലിക്ക് അഡ്വാൻസ് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 108000 രൂപ തടസപ്പെടുത്തുന്നു. അഡ്വാൻസ് ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-4 യോഗ പരിശീലനം സർക്കാർ നിർദ്ദേശപ്രകാരം നടപ്പിലാക്കേണ്ടതാണ്

നിർവ്വഹണം-ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നം - 85/18

പ്രോജക്റ്റിന്റെ പേര് - കുട്ടികൾക്ക് യോഗ
അടങ്കൽ-113000(വികസനഫണ്ട്)
ചെലവ് -104500
7/17-18/27-03-18 104500/

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.സുരേഷ്, പിവി.സതീഷ് എന്നീപരിശീലർക്ക് 600 മണിക്കൂർ പരിശീലനം നൽകിയതിന് ₹90000 നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം. നം.3190/2017/തസ്വഭവ തീ.3.10.2017 പ്രകാരം യോഗ പരിശീലകർക്ക് പ്രതിദിനം ₹400 ക്രമത്തിൽ പ്രതിമാസം പരമാവധി ₹12000 ഓണറേറിയം നൽകാവുന്നതാണ്. പരിശീലകർക്ക് വേതനം നൽകിയത് മണിക്കൂർ അടിസ്ഥാനത്തിലാണ്. സർക്കാർ നിർദ്ദേശ പ്രകാരം ഓണറേറിയം നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഇഎംഎസ് വായ്പ തിരിച്ചടവ്-ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2017-18 സാമ്പത്തിക വർഷം വിവിധ കാലയളവിൽ ഇഎംഎസ് ഭവനപദ്ധതിക്കായി ലോണെടുത്ത തുക തിരിച്ചടക്കുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്ത് താഴെ കൊടുത്ത പ്രകാരം പദ്ധതി വെക്കുകയും ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 29/2018 |
| പ്രൊജക്ടിന്റെ പേര് | ഇഎംഎസ് ഭവന വായ്പ തിരിച്ചടവ് |
| അടങ്കൽ | 1629600 |
| ഫണ്ട് | വികസനഫണ്ട്-1629600 |
| ബിൽ/വൗച്ചർ നം/തീയതി/തുക | 7/2017-18 തീയതി 29-06-2017 – 1629600/- രൂപ |

ചുഴലി സർവ്വീസ് സഹകരണ ബാങ്ക്, ചെങ്ങളായി സർവ്വീസ് സഹകരണ ബാങ്ക്, കൊയ്യം സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നുമാണ് ഗ്രാമപഞ്ചായത്ത് ലോണെടുത്തിട്ടുള്ളത്. ഇ എം എസ് ഭവന വായ്പ തിരിച്ചടവിനായി തുക പിൻവലിച്ചിട്ടുള്ളത് 29-06-2017 ന് ആണ്. പ്രസ്തുത ദിവസം തന്നെ ബാങ്കുകളിലെ ലോൺ അക്കൗണ്ടുകളിലേക്ക് തുക വരവ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ/ പാസ് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 ആശ്രയപദ്ധതി-അഗതി കേരളം പദ്ധതി നടപ്പിലാക്കൽ ത്വരിതപ്പെട്ടുത്തേണ്ടതും അക്കൗണ്ടിലെ നീക്കിയിരിപ്പിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

ആശ്രയ ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായി മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ 511834 രൂപ നിലവിൽ കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശപ്രകാരമുള്ള (അനുബന്ധം 4) അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി പദ്ധതിരേഖ തയ്യാറാക്കി കുടുംബശ്രീ മിഷന്റെ അംഗീകാരത്തിന് സമർപ്പിച്ചതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയിട്ടില്ലെന്ന് സി.ഡി.എസ് ചെയർപേഴ്സൺ അറിയിക്കുകയുണ്ടായി. ആശ്രയപദ്ധതിക്ക് വേണ്ടി തുടങ്ങിയ ചെങ്ങളായി സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 6248 ൽ നിലവിലെ നീക്കിയിരിപ്പിൽ 511834 രൂപയിൽ ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായി ലഭിച്ച തുകയിൽ അവശേഷിക്കുന്ന 225867 രൂപയും ആയതിന്റെ പലിശയും രണ്ടാം ഘട്ട പദ്ധതിക്കായി ലഭിച്ച തുകയുടെ ബാലൻസ് 257376 രൂപയും ആയതിന്റെ പലിശയും ഉൾപ്പെടും. അക്കൗണ്ടിൽ സ്ഥിതി ചെയ്യുന്ന 511834 രൂപ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാൻ സാധിക്കുമോയെന്ന കാര്യം സർക്കാരിനോട്/കുടുംബശ്രീ സംസ്ഥാന മിഷനോട് ആരായേണ്ടതും, അനുമതി ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം

## സാധനങ്ങൾ വാങ്ങുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നം - 13/18

പ്രൊജക്റ്റിന്റെ പേര് - ഒന്നാം ക്ലാസ്സ് പ്രവേശന കിറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

അടങ്കൽ –100000
ചെലവ് തുക-99500
ബിൽ നമ്പർ 2/2017-18 24-10-2017-99500/-

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഒന്നാം ക്ലാസ്സ് പ്രവേശന കിറ്റ് വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും 14.07.2017 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിൾ പരിശോധിച്ച് കെ.കെ സ്റ്റോർസ് ശ്രീകണ്ഠാപുരം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി) നം259/2010 തീ.08.11.2010 ലെ ഖണ്ഡിക 3 ൽ ഗ്രാമ പഞ്ചായത്തുകൾ മതിപ്പ് വില ₹25000 ന് മുകളിലും ₹100000-ന് താഴെയും ഉള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ സമ്പ്രദായം സ്വീകരിക്കേണ്ടതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വാങ്ങലുകൾക്ക് ഗ്രാമ പഞ്ചായത്തിലെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വാഹനങ്ങൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വർ ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 2വാഹനങ്ങളാണ് ഉള്ളത്. ഇവയിൽ കെ എൽ 59-എ ടിപ്പർ ഓട്ടോ റിക്ഷ ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലും കെ എൽ 59 ക്യൂ 549 ബൊലേറോ ജീപ്പ് ഇറാം ഇൻഷൂറൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലുമാണ് ഇൻഷൂർ ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വൗച്ചർ നം/തീയതി | തുക | ഇനം |
|---|---|---|---|
| 13 | 21700742/29-12-17 | 7234 | കെഎൽ-59എ2227പ്പർ ഓട്ടോ റിക്ഷ- ഓറിയന്റൽ ഇൻഷൂറൻസ് |
| 14 | 21700146/29-05-17 | 29718 | പുതിയ ബൊലോറ ജീപ്പിന്റെ ഇൻഷൂറൻസ് ഇറാം ഇൻഷൂറൻസ്<br>കെഎൽ 59ക്യൂ 549 |

18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന മാത്രം ഇൻഷൂർ ചെയ്യേണ്ടതാണ്.

## 3-9 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്ററുകൾ,സ്കാനർ വാങ്ങൽ– ബന്ധപ്പെട്ട അധികാരികളിൽ നിന്നും പ്രവർത്തനക്ഷമത സർട്ടിഫിക്കറ്റ് വാങ്ങിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 38/2018 |
| പ്രോജക്ടിന്റെ പേര് | ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് പ്രിന്ററുകൾ,സ്കാനർ വാങ്ങൽ |
| അടങ്കൽ | 35000 |
| ഫണ്ട് | വികസനഫണ്ട്-35000 |
| ബിൽ/വൗച്ചർ നം/തീയതി/തുക | 18/2017-18 തീയതി 18-01-2018/-19450 |

ഗ്രാമപഞ്ചായത്തിലേക്ക് ഒരു മൾട്ടി ഫങ്ഷണൽ പ്രിന്റർ (സ്കാനർ ഫങ്ഷൻ അറ്റാച്ച്ഡ്) ഒരു സാധാരണ പ്രിന്റർ,സ്കാനർ എന്നിവ വാങ്ങുകയാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനായി കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻസ് എന്ന സ്ഥാപനനത്തിന്റെ അക്കൗണ്ടിലേക്ക് (361701010320680)19450രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും Canon Scanner Lide -220 KJKV11110 (4575 രൂപ) എന്ന സ്കാനറും Canon MF 232W SI No.12946(14875) എന്ന മൾട്ടി പർപ്പസ് പ്രിന്ററും വാങ്ങിച്ചിട്ടുണ്ട്. പ്രോജക്ടിൽ പ്രതിപാദിച്ചിട്ടുള്ള സ്പെസിഫിക്കേഷനോട് കൂടിയ ഉപകരണങ്ങളാണ് വാങ്ങിച്ചതെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-10 ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഹരിത കേരളം പദ്ധതിയിൽ

**ഉൾപ്പെടുത്തി -ഭക്ഷണ പാത്രങ്ങൾ വാങ്ങൽ-വിതരണരജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ട് നമ്പർ | 130/2018 |
| പ്രോജക്ടിന്റെ പേര് | ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി-ഭക്ഷണ പാത്രങ്ങൾ വാങ്ങൽ |
| അടങ്കൽ | 679500 |
| ഫണ്ട് | വികസനഫണ്ട്-679300<br>തനത് ഫണ്ട്-200 |
| ബിൽ/വൗച്ചർ നം/തീയതി/തുക | 11/2017-18 തീയതി 31-03-2018 – 679300/- രൂപ<br>ചെക്ക് നമ്പർ 2617203/28-03-2018 – 200/- രൂപ |

പി കെ കെ എന്റർപ്രൈസസ് രാമന്തളി എന്ന സ്ഥാപനത്തിൽ നിന്നും 160.71 രൂപ നിരക്കിൽ 3775 എണ്ണം പ്ലേറ്റും ഗ്ലാസും വാങ്ങിച്ചതിന്റ രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.

മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിൽ ഹരിത കേരളം പദ്ധതി പ്രകാരം പഞ്ചായത്തിലെ പ്ലാസ്റ്റിക്കിൻേറയും പ്ലാസ്റ്റിക്ക് അനുബന്ധ വസ്തുക്കളുടേയും ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹം, ഗൃഹപ്രവേശം തുടങ്ങിയ പൊതു ചടങ്ങുകളിൽ നിന്ന് ഡിസ്പോസിബിൾ ഗ്ലാസ്, പ്ലേറ്റ് എന്നിവ ഒഴിവാക്കുന്നതിന്റെ ഭാഗമായി വാങ്ങിച്ച സ്റ്റീൽ പ്ലേറ്റും ഗ്ലാസ്സും സി ഡി എസ് ചെയർപേഴ്സന് കൈമാറിയതായി വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്റ്റീൽ പ്ലേറ്റും ഗ്ലാസും പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഭക്ഷണ പാത്രങ്ങൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥകൾ തയ്യാറാക്കേണ്ടതും പാത്രങ്ങളുടെ വാടകയും അതിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതവും ഉൾപ്പെടുത്തേണ്ടതാണ്.

## 3-11 വികസന ഫണ്ട് ചെലവഴിച്ച രേഖകളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - 95/18

പ്രോജക്റ്റിന്റെ പേര് - പരിപ്പായി നീർത്തട വികസന പദ്ധതിക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ തുക - 394750
ആകെ ചെലവ് തുക - 394750

ബിൽ നമ്പർ-4/17-18 ,lതീയ്യതി-29-08-2017-394700

പ്രോജക്റ്റ് നം - 96/18

പ്രോജക്റ്റിന്റെ പേര് - പാറക്കാടി നീർത്തട വികസന പദ്ധതിക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ
അടങ്കൽ തുക- 304125/- രൂപ (വികസനഫണ്ട്)
ആകെ ചെലവ് തുക- 304125/- രൂപ

ബിൽ നമ്പർ-5/17-18 ,lതീയ്യതി-29-08-2017 – 304125/- രൂപ

മേൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിപ്പായി നീർത്തട വികസന പദ്ധതിയുടെ ചെങ്ങളായി സർവ്വീസ് സഹകരണ ബാങ്കിലെ നമ്പർ 33164961441 അക്കൗണ്ടിലേക്കും പാറക്കാടി വികസന പദ്ധതിയുടെ കൊയ്യം സർവ്വീസ് സഹകരണ ബാങ്കിന്റെ നമ്പർ 11270200014211 അക്കൗണ്ടിലേക്കും വികസന ഫണ്ടിൽ നിന്നും തുകകൾ പിൻവലിച്ച് കൈമാറിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ, ആയതിന് പ്രത്യേക രേഖകൾ സൂക്ഷിക്കുന്നുണ്ടോ എന്നറിയുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കി ചെലവ് രേഖകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## **3-12** <u>പട്ടികജാതി കോളനികളിലെ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കലും ലൈനിൽ സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രത്യേകം ലൈൻ വലിക്കലും - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്</u>

| | |
|---|---|
| നിർവ്വഹണോദ്യാഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 68/2018 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി കോളനികളിലെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കലും നിലവിലുള്ള ലൈനിൽ സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രത്യേക ലൈൻ വലിക്കൽ-പ്രവൃത്തി( എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ എസ് ഇ ബിക്ക് കൈമാറി) |
| അടങ്കൽ | 250000 |
| ഫണ്ട് | വികസനഫണ്ട്-250000(എസ് സി പി) |
| ബിൽ/വൗച്ചർ നം/തീയതി/തുക | 10/2017-18 തീയതി 24-03-2018/-78634 |

പട്ടികജാതി കോളനികളിലെ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കലും ലൈനിൽ സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രത്യേകം ലൈൻ വലിക്കൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 78634 രൂപ കെ എസ് ഇ ബിക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റാണിത്. വളക്കൈ, മണക്കാട്, അടിച്ചിക്കമല, പടിഞ്ഞാറെ മൂല, പാറക്കാടി എന്നീ പട്ടികജാതി കോളനികളിലേക്ക് ലൈൻ വലിക്കാനും ലൈൻ മാറ്റി സ്ഥാപിക്കലിനും വേണ്ടി ആദ്യ ഘട്ടമായി കെ എസ് ഇ ബി ശ്രീകണ്ഠാപുരത്തിന് കൊടുത്ത ബിൽ പ്രകാരം പിൻവലിച്ച തുക നൽകിയിട്ടുണ്ട്. എന്നാൽ

പ്രസ്തുത പട്ടികജാതി കോളനികളിൽ പ്രവൃത്തി നടത്തിയതിന്റെ വിവരം പ്രോജക്ട് ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/17-18/01-03-2019) മറുപടിയായി പ്രസ്തുത കോളനികളിലേക്കുള്ള ലൈൻവലിക്കലും മാറ്റി സ്ഥാപിക്കലും നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കെ എസ് ഇ ബി യിൽ നിന്നും ഇത് സംബന്ധിച്ച വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റിൻെറ പകർപ്പും കെ എസ് ഇ ബിയിൽ നിന്നുള്ള വിനിയോഗവിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-13 മരാമത്ത് പ്രവൃത്തി പൂർത്തീകരണം -ദീർഘമായ കാലതാമസം

പ്രവൃത്തിയുടെ പേര്- കാപ്പുംകര എരുവട്ടി കക്കാട്കുന്ന് റോഡ് മെറ്റലിംഗും പരിഷ്ക്കരണവും

പ്രോജക്ട് നമ്പർ-159/18

അടങ്കൽ- - 400000/-- ചെലവ് - 398570/-ബിൽ നം.1/30-06-17

കരാറുകാരൻ-ശ്രീ.കെ. കെ .ബാലകൃഷ്ണൻ,എസ്റ്റിമേറ്റ് നിരക്ക്

എഗ്രിമെൻറ് നം.തീയ്യതിAE/CHLY/34/15-16,Dtd.23-09-15
എം.ബുക്ക് നമ്പർ-84/2015-16
ആകെ പ്രവൃത്തി മൂല്യം-398570

ബിൽ നമ്പർ,തീയ്യതി-1/30-6-17

പ്രവൃത്തിയുടെ എഗ്രിമെൻറ് വെച്ചിരിക്കുന്നത് 23-09-15 നാണ്. അതേ ദിവസം തന്നെ പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമാണ്. എന്നാൽ പ്രവൃത്തി ആരംഭിച്ചിരിക്കുന്നത് ഒരു വർഷത്തിനുശേഷം 23-01-17 ന് മാത്രമാണ്. പൂർത്തീകരിച്ചത്. 29-03-17 നും. കേരള പൊതു മരാരത്ത് മാന്വൽ ജി.ഒ.പി.13/2012 /PWD/01-02-2012 സെക്ഷൻ 2112-1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായും കരാറുകാരൻെറ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. എന്നാൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ എ,ഇ മുഖാന്തിരം അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾഅനധികൃതമാണ്. പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾപാലിക്കാതെ ഓരോ വർഷവും പ്രവൃത്തി സ്പിൽഓവറാക്കി പ്രസ്തുത കരാറുകാരനെതിരെ യാതൊരു നടപടിയും സ്വീകരിക്കാതെ 4%പിഴ ഈടാക്കി തുക അനുവദിച്ച നടപടി പൊതു മരാമത്ത് മാന്വലിൻെറ ലംഘനമാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | പാലിയേറ്റീവ് കെയർ സാന്ത്വന പരിചരണം | 188375 | 211625 |
| 2 | ജില്ലാ പഞ്ചായത്ത് | 2017-18 | 325000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 325000 |
| 3 | ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | നെൽകൃഷി കൂലിചെലവ് | 125000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | ആലുവെച്ചകരി ശ്മശാനം നവീകരണം | 0 | 1000000 |
| 5 | ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 800000 | മുക്കാടം തോട് ആഴം കൂട്ടൽ | 0 | 800000 |
| 6 | ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 325000 | ശാരീരിക മാനസിക വെല്ലുവിളി | 325000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നേരിട്ടുന്നവർക്ക് സ്കോളർഷിപ്പ് | | |
| 7 | ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 110000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 110000 | 0 |
| 8 | ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 125000 | സമഗ്ര നെൽകൃഷി നികസനം | 0 | 125000 |

ജോയിൻറ് വെഞ്ച്വർ ഇനത്തിൽലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ വാർഷിക കണക്കിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ. ബി | പട്ടികജാതി കോളനികളിൽ ലൈൻ വലിക്കൽ | 78634 | 78634 | പൂർത്തീകരിച്ച | -- |
| കെ.എസ് ഇ. ബി | കുടുംബശ്രീ വിപണനകേന്ദ്രം വൈദ്യുതീകരണം | 38996 | 38996 | പൂർത്തീകരിച്ച | -- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ.നം | വായ്പയുടെ ഉദ്ദേശം | വായ്പ തുക | തിരിച്ചടക്കാനുള്ള തുക | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1. | ഇ.എം.എസ് ഭവനപദ്ധതി | 16293500 | 4895900 | 1629600 | 0 | 3266300 |

## 4-5 സ്ഥിര നിക്ഷേപം

| വർഷം | തുക |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3041110 |
| തൻ വർഷം നിക്ഷേപിച്ച തുക(പലിശ) | 266081 |
| ആകെ | 3307191 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 3307191 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ (ഷെയറുകൾ ഉൾപ്പെടെ)വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപത്തിൻെറ വിവരം | തുക | രശീതി നമ്പർ |
|---|---|---|---|
| 1. | കൊയ്യം സർവ്വീസ് സഹകരണ ബേങ്ക് സ്ഥിര നിക്ഷേപം | 1262788 | 6340/22.03.2015 |
| 2. | കൊയ്യം സർവ്വീസ് സഹകരണ | 833578 | 6649/23-03-2016 |

| | | | |
|---|---|---|---|
| | ബേങ്ക് സ്ഥിര നിക്ഷേപം | | |
| 3. | ചുഴലിസർവ്വീസ് സഹകരണ ബേങ്ക് സ്ഥിര നിക്ഷേപം | 1190825 | 3954/22-03-2016 |
| 4. | മലബാർ ടൂറിസം ഡവലപ്മെൻറ് കോർപറേഷൻ | 20000 | ഷെയർ സർട്ടിഫിക്കറ്റ് നം.201/16-11-2004(ബി ക്ലാസ്) |
| ആകെ | | 3307191 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 977/- രൂപയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിൻെറ പേര് | രശീതി നമ്പർ/തീയ്യതി |
|---|---|---|---|---|
| 2003-04 | 2-1 (എ) | 342 | അനിൽ കുമാർ .എൻ സെക്രട്ടറി | 117040100196/17-04-17 |
| 2006-07 | 3-2(ബി) | 550 | അബ്ദുൾ റഷീദ്.കെ. യു.ഡി.സി | 117040102395/25-08-17 |
| 2016-17 | 2-2(1) | 85 | ടി.പിഅയൂബ് &ഷമീറ.എ.പി | 117040102752/23-09-17 |
| ആകെ | | 977/- രൂപ | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66114846 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82837408 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹19859 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 208000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 19259 | | ശ്രീ.അനിൽകുമാർ.എൻ,സെക്രട്ടറി |
| 2-3 | 600 | | ശ്രീ. വി. അശോകൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ശ്രീ.ശശികുമാർ.പി,ഹെഡ് മാസ്റ്റർ |
| 3-3 | 108000 | ഡോ.ഷക്കീർ മുഹമ്മദ് കുഞ്ഞി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 208000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ .എൻ,സെക്രട്ടറി | സെക്രട്ടറി, തിരുനെല്ലി ഗ്രാമ പഞ്ചായത്ത്, വയനാട് | പെരുങ്കോട്ട് ഹൗസ്, പെരുവക. ആറാട്ടുതറ പി.ഒ മാനന്തവാടി |
| ശ്രീ.ശശികുമാർ.പി,ഹെഡ് മാസ്റ്റർ | ജി.എൽ.പി.എസ്.പരിപ്പായി | ശ്രീനിലയം, കൊളപ്ര, ഇരിക്കൂർ |
| ഡോ.ഷക്കീർ മുഹമ്മദ് കുഞ്ഞി, മെഡിക്കൽ ഓഫീസർ | പി .എച്ച്. സി ചെങ്ങളായി | ഷാദുലി മൻസിൽ, ഫറൂഖ് നഗർ, മന്ന, തളിപ്പറമ്പ്. |

## **4-10** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 1 |
| 2001-02 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 1 |
| 2003-04 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 2 |
| 2004-05 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 1 |
| 2006-07 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 3 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 5 |
| 2008-09 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 5 |
| 2009-10 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 7 |
| 2010-11,2011-12 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 3 |
| 2012-13 | എൽ.എഫ്./കെ.എൻ.ആർ-സി 3/109/2018 /തീ.24.03.18 | 2 |
| 2013-14, 2014-15 | എൽ.എഫ്./കെ.എൻ.ആർ-സി 6/1335/16, 29-07-2016 | 2 |
| 2015-16 | കെഎസ്എ.കെഎൻആർ.സി6/1335/2016 തീയ്യതി 29-07-2016 | 20 |
| 2016-17 | കെഎസ്എ.കെഎൻആർ.സി3/28 17/2016തീയ്യതി .7.02.17 | 24 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/265/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 11.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെങ്ങളായി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF CHENGALAYI GRAMA PANCHAYAT1- FOR THE PERIOD FROM 1-04-17 TO 31-03-18

| Code No | Head Account | Schedule | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | | | ₹ |
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 25124532<br>67963 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 898030 |
| 140000000 | Fees & User Charges | RP-4 | 665243 |
| 150000000 | Sale & Hire Charges | RP-5 | 494815 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45510401 |
| 171000000 | Interest Earned | RP-9 | 85661 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12750695 |
| 350000000 | Other Liabilities | RP-36 | 121023 |
| Non Operating | | | |
| 180000000 | Other Incom | RP-10 | 13894 |
| 311000000 | Earmarked Funds | RP-29 | 19047 |
| 340000000 | Deposits Received | RP-34 | 72085 |
| 350000000 | Other Liabilities | RP-36 | 252247 |
| 431000000 | Sundry Debtors (Receivables) | RP-43 | 5203315 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 28390 |
| Grand Total | | | 91307341 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3651007 |
| 220000000 | Administrative Expenses | RP-12 | 1200239 |
| 230000000 | Operations & Maintenance | RP-13 | 1391827 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 10205244 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14312267 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 343118 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 77855 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 551960 |
| 255000000 | Maintance Projects | RP-20 | 8317607 |
| 256000000 | Other Revenue Grants &Funds | RP-21 | 36000 |
| 280000000 | Prior Perid Items | RP-26 | -977 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 282350 |
| 350000000 | Othes Liabilities | RP-36 | 5080328 |

| | | | |
|---|---|---|---|
| Non Operating | | | |
| 240000000 | Interest & Finance Charge | RP-14 | 749 |
| 280000000 | Prior Period Item | RP-26 | -356 |
| 311000000 | Earmarked Funds | RP-29 | 359200 |
| 330000000 | Secured Loans | RP-32 | 1629600 |
| 340000000 | Deposits Received | RP-34 | 58645 |
| 350000000 | Other Liabilities | RP-36 | 1873179 |
| 410000000 | Fixed Assets | RP-38 | 12022465 |
| 412000000 | Capital Work in Progress | RP-40 | 147074 |
| 431000000 | Sundry Debtors (Receivables) | RP-43 | 21028577 |
| 460000000 | Loans, Advances and Deposits | RP-47 | 269450 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 8308128<br>161805 |
| Grand Total | | | 91307341 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF CHENGALAYI GRAMA PANCHAYAT FOR THE PERIOD FROM 1-04-17 TO 31-03-18

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT |
|---|---|---|---|

| | | | ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4408715 |
| 130000000 | Rental Income From Panchayath Properties | 1-3 | 7200 |
| 140000000 | Fees & User Charges | I-4(b) | 749723 |
| 150000000 | Sale & Hire Charges | I-5(b) | 525045 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 119033526 |
| 170000000 | Interest Earned | 1-8 | 85661 |
| 180000000 | Other Income | 1-9 | 27544 |
| A | Total Income | | 125103495 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10289595 |
| 220000000 | Administrative Expenses | I-11(b) | 1200239 |
| 230000000 | Operations & Maintenance | I-12(b) | 1410360 |
| 240000000 | Interest & Finance Charges | I-13 | 749 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 13325862 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31083249 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 343118 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 77855 |
| 254000000 | Expen.of Transferrred Institutions & State Spon. Schems<br>( not included under Decentralised plan programme) | I-14(d) | 53243160 |
| 255000000 | Maintance Projects | I-14(e) | 8317607 |
| 256000000 | Other Revenues Revenue Grants, Funds-Revenue Expenses | 1-15(a) | 36000 |

| | | | |
|---|---|---|---|
| 270000000 | Provisions and Write off | 1-16 | 40797 |
| 272000000 | Depreciation | I-17(a) | 5298796 |
| B | Total Expenditure | | 124667387 |
| C=A-B | Gross Surplus / Defict Income over Expenditure | | 436108 |
| D= 280000000 | Prior Period Item | I-18 | (241132) |
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 677240 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF CHENGALAYI GRAMA PANCHAYAT FOR THE PERIOD FROM 31-3-2018 TO 31-03-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 13351537.12 |
| 311000000 | Earmarked Funds | B-2 | 343164 |
| 312000000 | Reserves | B-3 | 48737027 |
| | Total Reserve & Surplus | | 62431728.12 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 12432955 |

| | | | |
|---|---|---|---|
| | Total Grants,Contribution for specific purposes | | |
| | Loans | | |
| 330000000 | Secured Loans | B-5 | 3266300 |
| | Total Loans | | 3266300 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 123090 |
| 350000000 | Other Liabilities | B-9 | 1309746.88 |
| | Total Current Liabilities and Provisions | | 1432836.88 |
| | TOTAL LIABILITIES | | 79563820 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 5664453 |
| 411000000 | Accumulated Depreciation | B-11 | (13843634) |
| 412000000 | Capital Work In Progress | B-11(a) | 147074 |
| | Total Fixed Assets | | 42943893 |
| | Investments | | |
| 420000000 | Investments | B-12 | 3307191 |
| | Total investments | | |
| | Current Assets,Loans and Advances | | |
| 430000000 | Stock in hand | B-14 | 0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 21446853 |
| 440000000 | Pre-paid Expenses | B-16 | 3266300 |
| 450000000 | Cash and Bank balance | B-17 | 8469933 |
| 460000000 | Loans, Advances and Deposits | B-18 | 129650 |
| | Total Current Assets,Loans and Advances | | 33312736 |
| | TOTAL ASSETS | | 79563820 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.